# തൊപ്പിപ്പാളയും കുത്തുപാളയും……….. കുത്തും

ബേബി കാക്കശ്ശേരി

തൊപ്പിപ്പാളയും കുത്തുപാളയും



വെയിൽ മറയ്ക്കുവാൻ
മഴ തടുക്കുവാൻ
കൃഷിവലനുടെ
തലയിലെപ്പോഴും
തൊപ്പിപ്പാള.

വെയിലും വേണ്ടപോൽ
മഴയുമില്ലാതെ
കൃഷി നശിക്കുമ്പോൾ
അവനെടുക്കുന്നു
കുത്തുപാള !

കുത്ത്



കുശുമ്പ് കുത്തുന്നത് നല്ലതല്ല
കൊതുക് കുത്തുന്നതും നല്ലതല്ല
പല്ല് കുത്തുന്നതും നല്ലതല്ല
പൂവിൽ പുഴുക്കുത്തും നല്ലതല്ല.
പൊട്ട് കുത്തുന്നത് നല്ലതാണ്
കാതു കുത്തുന്നതും നല്ലതാണ്
ചുട്ടി കുത്തുന്നത് നല്ലതാണ്
നെല്ല് കുത്തുന്നതും നല്ലതാണ്.
വാക്യം കഴിഞ്ഞെന്നറിയുവാനായ്
ഒരു കുത്ത് നിർബന്ധം വേണ്ടതാണ്.